LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. സുതാര്യത കൂട്ടുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-പേമെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM),സ്റ്റേറ്റ് ഇ-മിഷൻ ടീം (ഭാരത സർക്കാർ) (SeMT), നാഷണൽ ഇൻഫർമാറ്റിക് സെന്റർ(NIC) എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ ഏജൻസികൾക്ക് കൽപ്പിച്ചുനൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ ചുരുക്കി പറയും പ്രകാരമാണ് :

KSITM ഇംപ്ലിമെന്റിംഗ് ഏജൻസി

SeMT കൺസൾട്ടന്റ്

NIC ടെക്നിക്കൽ സപ്പോർട്ട്

ആധാർ എൻറോൾമെന്റ് നടത്തുന്ന ഏജൻസികൾ

210 (T6661) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ആധാർകാർഡ് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഏജൻസികൾ ആണ് ഇപ്പോൾ കേരളഗവൺമെന്റിന്റെ കീഴിൽ എൻറോൾമെന്റ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നുവരെയുള്ള പേമെന്റാണ് യു.ഐ.ഡി.എ.ഐ.-ൽ നിന്നും ഗവൺമെന്റിന് ലഭിച്ചത് ; ലഭിച്ച തുകയിൽ എന്നുവരെയുള്ള പേമെന്റ് ഏജൻസികൾക്ക് കൊടുത്തു ; ബാക്കി തുക എന്ന് നൽകും എന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളത്തിന്റെ അക്ഷയപോലുള്ള ഏജൻസികൾ ഇപ്പോൾ നടത്തുന്ന എൻറോൾമെന്റുകൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുണ്ടോ ;

(ഇ) ആധാർ നമ്പർ ജനറേറ്റ് ചെയ്തിട്ടുള്ളതിൽ കാലതാമസം വരുത്തുന്ന വകയിൽ പിഴ ഈടാക്കുന്നുണ്ടോ ;

(എഫ്) ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഇ-ഗവേണൻസും കൃത്യമായി നടപ്പിലാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,04,33,198 പേർക്ക് ആധാർ നമ്പർ അനുവദിച്ചിട്ടുണ്ട്.

(ബി) അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികളാണ് കേരള സർക്കാരിനു കീഴിൽ ആധാർ എൻറോൾമെന്റ് നടത്തുന്നത്.

(സി) ഏപ്രിൽ 2014 വരെയുള്ള തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ലഭിച്ചിട്ടുണ്ട്. ഒക്ടോബർ 2013 വരെയുള്ള തുക ഫെബ്രുവരി 2014-ൽ വിതരണം ചെയ്തു. ബാക്കി തുക വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) UID അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായാണ് കേരളത്തിൽ അക്ഷയ പോലുള്ള ഏജൻസികൾവഴി ആധാർ എൻറോൾമെന്റ് നടത്തുന്നത്.

(ഇ) എൻറോൾമെന്റിനുശേഷം data UIDAI സെർവറിലേക്ക് അപ് ലോഡ് ചെയ്യുന്നതിന് 20 ദിവസത്തിൽ കൂടുതൽ കാലതാമസം വരുത്തിയാൽ എൻറോൾമെന്റ് ഏജൻസികളിൽനിന്നും കാലതാമസത്തിനനുസൃതമായി പിഴ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്.

(എഫ്) ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഇ-ഗവേണൻസ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

ഇ-ഡിസ്ട്രിക്ട്

സംസ്ഥാനത്ത് പ്രധാനമായും റവന്യൂ വകുപ്പിലെ സേവനങ്ങൾ നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിനു മുന്നോടിയായി റവന്യൂ ഓഫീസുകളിൽ ആവശ്യമായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഇന്റർനെറ്റ് (ബി.എസ്.എൻ.എൽ, ആർ.പി.എൻ & റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ) സൗകര്യവും കമ്പ്യൂട്ടർ മുതലായ ഹാർഡ്വെയറുകളും നൽകി. കൂടാതെ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പുവയ്ക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്കായി ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും, അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനിയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ കഴിഞ്ഞ മാസങ്ങളിൽ നടത്തുകയും അതാതു ജില്ലകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുമുണ്ടായി. ഇത് കൂടാതെ ജില്ലാതല അവലോകന യോഗങ്ങളിൽ വിലയിരുത്തുന്നതിനായി ഓരോ ജില്ലയുടെയും ഓരോ മാസത്തെയും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിശദമായി പ്രതിപാദിക്കുന്ന റിപ്പോർട്ട് ഐ.ടി. മിഷൻ അതാതു ജില്ലകളിലെ ബന്ധപ്പെട്ട അധികാരികൾക്ക് ലഭ്യമാക്കുകയും വീഡിയോ കോൺഫറൻസ് മുഖേന ചർച്ച ചെയ്തു പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതോടൊപ്പംതന്നെ എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അതാതു ജില്ലയിലെ ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടേയും അക്ഷയാ സംരംഭകരുടെയും ഒരു സംയുക്ത യോഗം നടത്തുകയും ചെയ്തു.

ഇ-ഗവേണൻസ്

ഇ-ഗവേണൻസിനുവേണ്ടി വകുപ്പുതലത്തിൽ വിവിധ പ്രോജക്ട് കമ്മിറ്റികളും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന തലത്തിൽ രൂപീകരിച്ച അപെക്സ് കമ്മിറ്റിയും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നയരൂപീകരണത്തിനായുള്ള steering കമ്മിറ്റിയും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽവന്നു. ഒന്നാംഘട്ടമായി 16 വകുപ്പുകളിലും രണ്ടാം ഘട്ടമായി ബാക്കിയുള്ള വകുപ്പുകളിലും ഈ സംവിധാനം നിലവിൽവരും.

സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ്

211 (6662) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകളും മറ്റും ബന്ധിപ്പിച്ചിരിക്കുന്ന സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം എവിടെയെന്നും ഈ ഓഫീസിന്റെ പ്രവർത്തനത്തിന് എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലിചെയ്യുന്നതെന്നും വെളിപ്പെടുത്താമോ ;

(ബി) സ്പാർക്കിന്റെ ഓഫീസിൽ ദിവസവേതനക്കാരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തിക കളിലാണ് നിയമിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly